"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ശിവരാമകൃഷ്ണൻ സി., ഓഫീസ് അറ്റൻഡന്റ്, കുടുംബാരോഗ്യ കേന്ദ്രം, അത്താണിക്കൽ, മലപ്പുറം - പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവ് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.966/2025/H&FWD തീയതി,തിരുവനന്തപുരം, 31-03-2025

---

പരാമർശം:-
1. സ.ഉ (സാധാ) നം. 1001/2023/ആ.കു.വ. തീയതി 27/04/2023.
2. ശ്രീ. ശിവരാമകൃഷ്ണൻ. സി സമർപ്പിച്ച 23/06/2023 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27/11/2024, 27/01/2025 തീയതിയികളിലെ ഇ.എഫ്1-8055/2023/ആ.വ.ഡ നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം അത്താണിക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ശിവരാമകൃഷ്ണൻ സി.-യ്ക്ക് പഠനാവശ്യത്തിനായി 02/06/2022 മുതൽ 31/05/2024 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ് പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടിയാൻ 01/06/2022 മുതൽ 31/05/2024 വരെയാണ് ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരുന്നതെന്നും കൂടാതെ പഠനാവശ്യത്തിനായി ടിയാനെ 31/05/2022 അപരാഹ്നത്തിലാണ് വിടുതൽ ചെയ്തിരുന്നത് എന്നതിനാലും പ്രസ്തുത സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തു നൽകണമെന്ന ശ്രീ. ശിവരാമകൃഷ്ണന്റെ പരാമർശം (2) അപേക്ഷ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)-ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം, അത്താണിക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. ശിവരാമകൃഷ്ണൻ സി.-യ്ക്ക് ശൂന്യവേതനാവധി

അനുവദിച്ച പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി, ടിയാന് 01/06/2022 മുതൽ 31/05/2024 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം-1, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം.
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, അത്താണിക്കൽ, മലപ്പുറം.
ശ്രീ. ശിവരാമകൃഷ്ണൻ സി., ഓഫീസ് അറ്റൻഡന്റ്, കുടുംബാരോഗ്യകേന്ദ്രം, അത്താണിക്കൽ, മലപ്പുറം, (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( 14/03/2025 തീയതിയിലെ E 2186868/HLT-B3/414/2022-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം/ ഓഫീസ് കോപ്പി (F2/356/2024-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 31-03-2025 20:24:38